ധനകാര്യം, ഭരണപരം എന്നിങ്ങനെ നാല് വിഭാഗങ്ങളിലായി പ്രധാനപ്പെട്ട 21 നിർദ്ദേശങ്ങളാണ് കമ്മിറ്റി സമർപ്പിച്ചിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ഓരോ ശുപാർശയും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

വികലാംഗരെ തിരിച്ചറിയാനുള്ള സർവ്വെ

*21 [462] ശ്രീ. എ. സി. മൊയ്തീൻ:

,, കെ. വി. കുഞ്ഞിരാമൻ:

,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്കുവേണ്ടി ഒരു സംസ്ഥാന നയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വികലാംഗരെ തിരിച്ചറിയാനുള്ള സർവ്വെ നടത്തണമെന്ന കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) വികലാംഗർക്കുവേണ്ടിയിള്ള സംസ്ഥാന ഏകോപന സമിതിയുടെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വീഴ്ചകൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) വികലാംഗരുടെ ക്ഷേമത്തിനായി പുതിയ എന്തെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) നയം രൂപീകരിച്ചിട്ടില്ല.

(ബി) നടപടികൾ എടുത്തുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളിൽ ബുക്ക് ബയന്റിംഗ് കോഴ്സ് നവീകരിച്ച് പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് കോഴ്സായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly